<u>പതിമൂന്നാം കേരള നിയമസഭ</u>

<u>ഏഴാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.326</u> 04.02.2013 -ൽ മറുപടിയ്ക്ക്

# <u>ആഭ്യന്തരവും വിജിലൻസും വകുപ്പിലെ പദ്ധതികൾക്ക് അനുവദിച്ച തുക</u>

<u>ചോദ്യം</u>

ശ്രീ.കെ.സുരേഷ് കുറുപ്പ്

<u>ഉത്തരം</u>

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ബഹു.ആഭ്യന്തരവും വിജിലൻസും
വകുപ്പ് മന്ത്രി)

<table>
<tr>
<td>എ</td>
<td>ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രിയുടെ ചുമതലയിൽ, ഉള്ള ഓരോ സർക്കാർ വകുപ്പുകൾക്കും 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയും ഇതിനകം ചെലവഴിച്ച തുകയും എത്രയാണ്;</td>
<td>എ</td>
<td>
<table>
<tr><th>വകുപ്പ്</th><th>ബഡ്ജറ്റിൽ വകയിരുത്തിയ തുക</th><th>ചെലവഴിച്ച തുക</th></tr>
<tr><td>പോലീസ്</td><td>17806548000/-</td><td>15483921000/-</td></tr>
<tr><td>ഫയർ ആന്റ് റെസക്യൂ സർവ്വീസ്</td><td>12437.31 ലക്ഷം</td><td>6508.98026 ലക്ഷം</td></tr>
<tr><td>ജയിൽ</td><td>687304000/-</td><td>561819313/-</td></tr>
<tr><td>വിജിലൻസ്</td><td>4103640000/-</td><td>26466884/-</td></tr>
<tr><td>കെമിക്കൽ ലാബ്</td><td>1069.86 ലക്ഷം</td><td>571.46 ലക്ഷം</td></tr>
</table>
</td>
</tr>
<tr>
<td>ബി</td>
<td>മേൽപ്പറഞ്ഞ ഓരോ വകുപ്പിലും 2012 -13 വർഷം നടപ്പിലാക്കുന്നതിന് ബഡ്ജറ്റ് വഴിയും അല്ലാതെയും പ്രഖ്യാപിച്ച പദ്ധതികൾ എല്ലാം നടപ്പിലാക്കിയിട്ടുണ്ടോ; ഇനിയും നടപ്പിലാക്കാത്തവ ഏതൊക്കെ;</td>
<td>ബി</td>
<td>ഇല്ല. നടപ്പിലാക്കിക്കൊണ്ടിരിക്കുന്നവ വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു.<br><u>പോലീസ് വകുപ്പ്</u><br>1. ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ പോലീസ് സ്റ്റേഷനുകളിലേക്കുള്ള പൊതുജനങ്ങളുടെ പരാതി സ്വീകരിക്കുന്നതിന് കൗണ്ടർ ആരംഭിക്കുന്നത്.<br>2. 150 കേന്ദ്രങ്ങൾ 2010-11 വർഷത്തിൽ സ്ഥാപിച്ചതുപോലെ വനിതാ ഹെൽപ്പ് ഡെസ്കുകൾ പുതിയ 150 പോലീസ് സ്റ്റേഷനുകളിൽ കൂടി വ്യാപിപ്പിക്കുന്നത്.<br>3. ഗുരുവായൂർ ക്ഷേത്രത്തിലെ സുരക്ഷാ സംവിധാനം മുകവുറ്റതാക്കി മാറ്റുന്നത്.<br>4. നോക്കുകൂലി, അമിതകൂലി എന്നിവയ്ക്കെതിരെ നിയമാനുസൃതമായ നടപടി</td>
</tr>
</table>

സ്വീകരിക്കുന്നത്.

5. എല്ലാ പോലീസ് സ്റ്റേഷനുകളിലും ഒരു വനിതാ സിവിൽ പോലീസ് ഓഫീസറുടെ സേവനം ഉറപ്പാക്കിക്കൊണ്ടുള്ള ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കുന്നത്.
6. സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ സംബന്ധിച്ച പരാതി ടെലിഫോണിലൂടെ സ്വീകരിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് വേണ്ടി എല്ലാ ജില്ലാ കൺട്രോൾ റൂമുകളിലും കോൾസെന്റർ, ക്വിക്ക് റെസ്പോൺസ് ടീം എന്നിവ ആരംഭിക്കുന്നത്.
7. ഗുണ്ടാനിയമം ഭേദഗതി വരുത്തുന്നത്.
8. ക്രൈം ബ്രാഞ്ചിന്റെ മാതൃകയിൽ സംസ്ഥാനത്ത് ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി സ്ഥാപിക്കുന്നത്.

ജയിൽ വകുപ്പ്

13 ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി "അപ്ഗ്രഡേഷൻ ഓഫ് പ്രിസൺസ്", "ജയിലുകളുടെ നവീകരണം", "തടവുകാരുടെ ക്ഷേമം" എന്നീ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

ഫയർ ആന്റ് റെസ്ക്യൂ വകുപ്പ്

അഗ്നിശമനസേന ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഏഴ് വർഷത്തിൽ കൂടുതൽ പഴക്കമുള്ള 396 വാഹനങ്ങൾക്ക് പകരം അടുത്ത മൂന്ന് വർഷത്തിനകം പുതിയ വാഹനങ്ങൾ വാങ്ങുക, അഗ്നിശമനസേനയുടെ ആധുനിക വത്കരണത്തിന് ഹൈക്കോടതിയിൽ നിന്ന് വിരമിച്ചതോ നിലവിലുള്ളതോ ആയ ജഡ്ജിനെ നിയമിച്ച് പഠിക്കുന്നതിനും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിൽ നഗര അഗ്നി സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ, സ് കൈ ലിഫ്റ്റ് വാങ്ങുന്നതിനുള്ള ടെൻണ്ടർ എന്നീ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു

വിജിലൻസ് വകുപ്പ്

ഭരണാനുമതി ലഭിച്ചതിൽ ഒരു Maruti Swift D zire Car വാങ്ങുന്നതിന് നിലവിൽ Government Rate contract ഇല്ലാത്തതിനാൽ പൊതു വിപണിയിൽ നിന്നും വാങ്ങുന്നതിനുവേണ്ട നടപടി എടുത്തു വരുന്നു.

കെമിക്കൽ ലാബ്

ഈ വകുപ്പിനെ സംബന്ധിച്ച് ബഡ്ജറ്റ് വഴി അല്ലാതെ പദ്ധതികൾ ഒന്നും തന്നെ

| | | | |
|---|---|---|---|
| | | | പ്രഖ്യാപിച്ചിട്ടില്ല. ബഡ്ജറ്റ് വഴി പ്രഖ്യാപിച്ച ലബോറട്ടറിയുടെ ആധുനീകരണത്തിനുള്ള പദ്ധതികൾ എല്ലാം തന്നെ നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. |
| സി | ഭരണാനുമതി നൽകിയെങ്കിലും പദ്ധതി നിർവ്വഹണം നടന്നിട്ടില്ലാത്തവ ഏതൊക്കെയാണ്; | സി | ഭരണാനുമതി നല്കിയെങ്കിലും പദ്ധതി നിർവ്വഹണം പൂർത്തിയായിട്ടില്ലാത്തവയും എന്നാൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നവയുമായ പദ്ധതികൾ വകുപ്പു തിരിച്ച് ചുവടെ ചേർക്കുന്നു.<br><u>പോലീസ് വകുപ്പ്</u><br>1. തിരുവനന്തപുരം സിറ്റി കേന്ദ്രീകരിച്ച് കമ്മീഷണറുടെ കീഴിൽ സ്വിഫ്റ്റ് ആക്ഷൻ ടീം (SWAT) രൂപീകരിക്കുന്നത്.<br>2. സ്ത്രീകൾക്കെതിരെയുള്ള അക്രമണങ്ങൾ സംബന്ധിച്ച പരാതി ടെലിഫോണിലൂടെ സ്വീകരിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് വേണ്ടി എല്ലാ ജില്ലാ കൺട്രോൾ റൂമുകളിലും കോൾസെന്റർ, ക്വിക്ക് റെസ്പോൺസ് ടീം എന്നിവ ആരംഭിക്കുന്നത്.<br>3. പത്മനാഭ സ്വാമി ക്ഷേത്രത്തിലെ സുരക്ഷാ സംവിധാനം മികവുറ്റതാക്കി മാറ്റുന്നത്.<br>4. ഗുണ്ടാ നിയമം ഭേദഗതി വരുത്തുന്നത്.<br>5. 30 കേന്ദ്രങ്ങളിൽ വിപുലമായ ആധുനിക സൗകര്യങ്ങളോടു കൂടിയ ട്രാഫിക് എൻഫോഴ്സ്മെന്റ് കേന്ദ്രങ്ങൾ തുടങ്ങുന്നത്.<br>6. സംസ്ഥാന ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ് പ്രവർത്തനക്ഷമമാക്കുക.<br>7. ക്രൈം ബ്രാഞ്ചിന്റെ മാതൃകയിൽ സംസ്ഥാനത്ത് ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി സ്ഥാപിക്കുന്നത്.<br>8. സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ ആഡിയോ വീഡിയോ അനാലിസിസ് സംവിധാനം സ്ഥാപിക്കുന്നത്.<br><u>ഫയർ ആന്റ് റെസക്യു സർവ്വീസ്</u><br>സ്കൈലിഫ്റ്റ് വാങ്ങുന്ന പദ്ധതി.<br><u>വിജിലൻസ് ആന്റ് ആന്റി കറപ്ക്ഷൻ ബ്യൂറോ</u><br>ഭരണാനുമതി ലഭിച്ചതിൽ ഒരു Maruti Swift D zire Car വാങ്ങുന്നതിന് നിലവിൽ Government Rate contract ഇല്ലാത്തതിനാൽ പൊതു വിപണിയിൽ നിന്നും വാങ്ങുന്നതിനുവേണ്ട നടപടി എടുത്തു വരുന്നു. |

| | | | |
|---|---|---|---|
| | | | <u>ജയിൽ വകുപ്പ്</u><br>13 ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി "അപ്ഗ്രഡേഷൻ ഓഫ് പ്രിസൺസ്", "ജയിലുകളുടെ നവീകരണം", "തടവുകാരുടെ ക്ഷേമം" എന്നീ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.<br><u>കെമിക്കൽ ലാബ്</u><br>ഭരണാനുമതി കിട്ടി പദ്ധതി നിർവ്വഹണം നടന്നിട്ടില്ലാത്ത പദ്ധതികൾ ഒന്നും തന്നെ നിലവിലില്ല. |
| ഡി | ആഭ്യന്തരവും വിജിലൻസും വകുപ്പിനു കീഴിൽ, ഓരോ ഉപവകുപ്പിനും ബഡ്ജറ്റിൽ അനുവദിച്ച തുകയും ഡിസംബറിൽ [illegible] ചെലവഴിച്ചിട്ടില്ലാത്ത തുകയും | ഡി | അനുബന്ധം I ൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ.

[illegible]